**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2988** **13-10-2021 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി മണ്ഡലത്തിലെ അന്തരിച്ച സാംസ്കാരിക വ്യക്തിത്വങ്ങളുടെ സ്മരണയ്ക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | **Shri Saji Cherian** (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി മണ്ഡലത്തിലെ അന്തരിച്ച സാംസ്കാരിക വ്യക്തിത്വങ്ങളായ ഭരതൻ, കലാമണ്ഡലം ഹൈദരാലി, ഒടുവിൽ ഉണ്ണികൃഷ്ണൻ, പി.എൻ. മേനോൻ തുടങ്ങിയവരുടെ സ്മരണ നിലനിർത്തുന്നതിനായി സാംസ്കാരിക വകുപ്പ് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) | വിശദ വിവരം ചുവടെ ചേർക്കുന്നു i) ഭരതൻ സ്മാരകം ശ്രീ. ഭരതന്റെ സ്മരണാർത്ഥം സ്മാരകം നിർമ്മിക്കണമെന്ന ആവശ്യം ഉന്നയിച്ച് കൊണ്ട് പാലക്കാട് ജില്ലയിൽ ആലത്തൂരിൽ പ്രവർത്തിക്കുന്ന ജനന്മ യുവകലാ സാംസ്കാരിക സമിതിയുടെ നിവേദനം ലഭിക്കുകയുണ്ടായി. തുടർന്ന് സിനിമ മേഖലയിലെ പ്രതിഭകളുടെ സ്മരണാർത്ഥമുള്ള ഉത്തരവാദപ്പെട്ട സംഘടനകൾ / ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവർ അനുയോജ്യമായ സ്മാരക നിർമാണ പദ്ധതികൾ തയ്യാറാക്കുയാണെങ്കിൽ സാംസ്കാരിക വകുപ്പ് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നത് പരിഗണിക്കുന്നതാണെന്ന വിവരം അപേക്ഷകരെ അറിയിച്ചിട്ടുണ്ട്. ii) കലാമണ്ഡലം ഹൈദരാലി സ്മാരകം 2021-2022 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനയിൽ 2205-00-102-00-77-82-നോൺ പ്ലാൻ എന്ന ശീർഷകത്തിൽ പ്രസ്തുത സ്മാരക നിർമ്മാണത്തിനായി 50,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്മാരക നിർമ്മാണത്തിനുള്ള തുടർ-നടപടികൾ സ്വീകരിച്ചു വരുന്നു. iii) ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം സാംസ്കാരിക വകുപ്പിൽ നിന്നും നൽകിയ ധനസഹായം വിനിയോഗിച്ച് കൊണ്ട് പാലക്കാട് കേരളശ്ശേരിയിൽ 21,16,697/- രൂപ ചെലവിൽ ഒടുവിൽ ഉണ്ണികൃഷണൻ സ്മാരകം പാലക്കാട് ജില്ലാ കളക്ടർ മുഖാന്തിരം നിർമ്മിച്ചിട്ടുണ്ട്.. ചലച്ചിത്ര പ്രതിഭയായിരുന്ന ശ്രീ.പി.എൻ. മേനോൻെറ സ്മരണ നിലനിർത്തുന്നതിനുള്ള പദ്ധതികൾ നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ